പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 232 | 04.02.2013 ൽ മറുപടിക്ക്

## സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ.ബഷീർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) വിവര സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് സംസ്ഥാനത്ത്, സൈബർ കുറ്റ കൃത്യങ്ങളും വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ, ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും മറ്റുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഹൈടെക് സെല്ലും, പോലീസ് ജില്ലകളിൽ സൈബർ സെല്ലുകളും നടപടികൾ സ്വീകരിച്ചുവരുന്നു. ജനമൈത്രി പോലീസ്, വനിതാ ജാഗ്രത സമിതികൾ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ സംവിധാനങ്ങൾ മുഖേന പൊതുജനങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും ബോധവൽക്കരണം നടത്തി വരികയും ലഘുലേഖകൾ വിതരണം ചെയ്തു വരികയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് തലസ്ഥാനത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നതും ഐ.ടി. ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കർശന നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ